**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4348** **06-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച കേന്ദ്ര നയത്തിന് ബദൽ മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. എം. എം. മണി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പ്രവർത്തനങ്ങളിലൂടെ നഷ്ടത്തിലായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ലേലത്തിലൂടെ സംസ്ഥാനം ഏറ്റെടുത്ത് ഹ്രസ്വകാലം കൊണ്ട് അച്ചടിക്കടലാസ് വിപണിയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്; കേന്ദ്ര സർക്കാർ പ്രവർത്തനങ്ങളിലൂടെ നഷ്ടത്തിലായി ഏകദേശം 3 വർഷത്തിലധികമായി അടഞ്ഞുകിടന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനത്തെ സംസ്ഥാനസർക്കാർ ബാധ്യതകൾ എല്ലാം തീർത്ത് ഏറ്റെടുത്ത് M/S കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനിയായി രജിസ്റ്റർ ചെയ്ത് വാണിജ്യ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച് രണ്ടു മാസത്തിനുള്ളിൽ തന്നെ കേരളത്തിനകത്തും പുറത്തുമുള്ള ഏകദേശം 18-ഓളം പത്രസ്ഥാപനങ്ങൾക്ക് പത്രക്കടലാസ് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | തടിയിൽ നിന്നുള്ള പൾപ്പൊഴികെ ഏതെല്ലാം സ്രോതസ്സുകളാണ് പൾപ്പിനായി ഉപയോഗിക്കുന്നത്; ഉയർന്ന നിലവാരത്തിലുള്ള കടലാസ് നിർമ്മാണത്തിന് പദ്ധതിയുണ്ടോ; പ്ലാന്റിന്റെ പരമാവധി ഉല്പാദനശേഷി കൈവരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | തടിയിൽ നിന്നുള്ള സ്രോതസ്സ് കൂടാതെ പാഴ്കടലാസ് ഉപയോഗിച്ച് ഡിഇങ്കിങ് പ്ലാന്റിൽനിന്നും റീസൈക്കിൾഡ് പൾപ്പ് ഉൽപ്പാദിപ്പിക്കുന്നുണ്ട്. പ്ലാന്റുകളുടെ സാങ്കേതികവിദ്യാനവീകരണത്തിനും ആധുനികവൽക്കരണത്തിനും ഉള്ള പദ്ധതിക്ക് സർക്കാർ ഇതിനോടകം അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ അന്തർദ്ദേശീയ ഗുണനിലവാരം പുലർത്തുന്ന പത്രക്കടലാസ് നിർമ്മിക്കുവാൻ കെ. പി. പി. എല്ലിന് സാധിക്കുന്നതാണ്. |
| (സി) | പത്രങ്ങളുടെ ആവശ്യത്തിനനുസരിച്ച് മുടങ്ങാതെ അച്ചടിക്കടലാസ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | (സി) | കെ. പി. പി. എൽ. അടുത്ത 2 മാസത്തിനുള്ളിൽ പൂർണ്ണ ഉല്പാദനക്ഷമത കൈവരിക്കുന്നതോടെ പ്രതിമാസം 9000 ടണ്ണോളം പത്രക്കടലാസ് നിർമ്മിക്കുവാൻ സാധിക്കുമെന്നും ഇതോടുകൂടി വിപണിയുടെ ആവശ്യകത അനുസരിച്ച് പത്രക്കടലാസ് വിതരണം ചെയ്യുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുകയും സ്വകാര്യ മേഖലലയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കേന്ദ്ര നയത്തിന് ബദൽ മാതൃക സൃഷ്ടിക്കുന്നതിൽ സംസ്ഥാനം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ഡി) | ലാഭത്തിൽ പ്രവർത്തിക്കുന്ന തന്ത്രപ്രധാന മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ പോലും സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര നയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്.<br><br>സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്ന ബദൽ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനഃനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ച് വരികയാണ്. Corporate Insolvency Resolution Plan (CIRP) പ്രകാരം 271.50 കോടി രൂപ കേരള സർക്കാർ നൽകിയാണ് സ്ഥാപനം ഏറ്റെടുത്തത്. സംസ്ഥാനത്തിന് അകത്ത് നിന്നും മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കി കമ്പനി പ്രവർത്തന പുരോഗതി കൈവരിച്ച് വരികയാണ്. അടച്ചു പൂട്ടൽ മൂലം തൊഴിൽ രഹിതരായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിന് പുറമെ 650-ഓളം പേർക്ക് പരോക്ഷമായും തൊഴിൽ സാധ്യതകൾ തുറന്നു കിട്ടുന്നത് സംസ്ഥാനത്തെ തൊഴിൽ മേഖലയ്ക്ക് പ്രചോദനകരമാണ്.<br><br>ഇതോടൊപ്പം കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചതും കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്നതുമായ ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-നു BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാനസർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന്റെ ഭാഗമായി കയറ്റുമതി ഓർഡറുകളും സ്ഥാപനം നേടിയിട്ടുണ്ട്. ഇപ്പോൾ 14 ഓഫീസർമാരും 82 തൊഴിലാളികളുമാണ് ഈ സ്ഥാപനത്തിൽ ഉള്ളത്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചതും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ സ്ഥലത്ത് ആണ് കമ്പനി സ്ഥിതി ചെയ്യുന്നത്. എന്നാൽ ഭൂമിയുടെ കരം അടച്ച് കൊണ്ടിരുന്നത് കമ്പനി ആയതിനാൽ ആസ്ഥലത്തിന്റെ വിലകൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി കേരളസർക്കാരിന് കൈമാറാൻ കഴിയൂ എന്ന് കേന്ദ്രത്തിന്റെ പുതുക്കിയ നിർദ്ദേശം കൈമാറ്റ നടപടികൾ വൈകുന്നതിന് കാരണമായി. ഇത് പരിഹരിച്ച് ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ സർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ